DESPATCHED On..11.6.2020

29/04/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1010(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5976/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എസ്.എം. ഷറീഫ്,
ഷറീഫ് ഗാർഡൻസ്,
തുമ്പോട്ടു വാർഡ്,
നെല്ലിപ്പള്ളി പി.ഒ., പുനലൂർ – 691 331. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എഞ്ചിനീയറിംഗ് വിഭാഗം,
   പുനലൂർ മുനിസിപ്പാലിറ്റി,
   പുനലൂർ, കൊല്ലം.

2. അപ്പീൽ അധികാരി & സെക്രട്ടറി,
   പുനലൂർ മുനിസിപ്പാലിറ്റി,
   പുനലൂർ, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/01/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12/02/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20/02/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17/03/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 17/04/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 21/04/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16/05/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/05/2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എസ്.എം.ഷറീഫ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം കണ്ടെത്തി നൽകുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് ഒന്നാം എതിർകക്ഷി അറിയിച്ചു എന്നും ആയതിനാൽ 1 വർഷം 5 മാസങ്ങൾക്ക് ശേഷം വീണ്ടും ഒരു അപേക്ഷ സമർപ്പിച്ചു എന്നും അതിനു ലഭിച്ച മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമായത് എന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകിയിട്ടില്ലെന്നും മറ്റുമാണ്

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, കൗണ്ടർ രസീത് നം. 16239 തീയതി 1.8.2013 പ്രകാരം ഹർജിക്കാരൻ നൽകിയ അപേക്ഷയിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ റെക്കോർഡ് റൂമിൽ നിന്നും കണ്ടെത്താൻ കൂടുതൽ സമയം ആവശ്യമാണെന്ന് അറിയിക്കുകയുണ്ടായി എന്നും എന്നാൽ നാളിതുവരെ രേഖകൾ ലഭ്യമാക്കിട്ടില്ല എന്നും ആയതിനാൽ പ്രസ്തുത ടെണ്ടറിന്റെ എസ്റ്റിമേറ്റിന്റെ പകർപ്പും സ്വീകരിച്ച തുടർനടപടി ക്രമങ്ങളും ലഭ്യമാക്കണമെന്നാണ് മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ ലഭിച്ചിട്ടില്ല എന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയുന്നില്ല എന്നുമാണ്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, തുമ്പോട് വാർഡിൽ കല്ലാർ-കൈതോട് റോഡിൽ ഷെരീഫ് ഗാർഡൻസ് ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന പൊതു റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഒന്നും പുനലൂർ മുനിസിപ്പാലിറ്റിയുടെ മരാമത്ത് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടില്ല എന്നും ആരംഭിച്ചിട്ടില്ലാത്ത മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ തുടർനടപടി ഇല്ലാത്തവ വർഷങ്ങളോളം സൂക്ഷിക്കാറില്ല എന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പുനലൂർ നഗരസഭയുടെ മരാമത്ത് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി എസ്റ്റിമേറ്റ് തുകയായ 70,000/- രൂപയ്ക്ക് പുനലൂർ വാളക്കോട് വി.എം.എം.എൽ.സി. നമ്പർ 1268 സൊസൈറ്റി പ്രസിഡന്റ് പേർക്ക് ടെണ്ടർ ഉറപ്പിച്ചു കൊടുത്തിട്ടുള്ള പ്രവൃത്തിയുടെ ടെണ്ടറിന്റെ എസ്റ്റിമേറ്റിന്റെയും എഗ്രിമെന്റിന്റെയും കോപ്പിയും തുടർനടപടികളുടെ വിവരങ്ങളുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എന്നും എതിർകക്ഷി ഓഫീസിൽ ലഭ്യമായ രേഖകൾ (കൗൺസിൽ മിനിറ്റ്സ്, ടെണ്ടർ, രജിസ്റ്റർ എന്നിവ) പരിശോധിച്ചതിൽ 2004-05 സാമ്പത്തിക വർഷത്തിലെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടി സ്വീകരിച്ചതായും സിംഗിൾ ടെണ്ടർ മാത്രം ലഭിച്ചിട്ടുള്ളതായും വ്യക്തമായിട്ടുള്ളതാണെന്നും എന്നാൽ മേൽപ്പടി കാലയളവിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽപ്പടി വർക്കിനുവേണ്ടി എഗ്രിമെന്റ് വച്ചിട്ടുള്ളതായി കാണുന്നില്ല എന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ പൊതു റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ പുനലൂർ മുനിസിപ്പാലിറ്റിയുടെ മരാമത്ത് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടില്ല എന്ന് ഒന്നാം എതിർകക്ഷി അറിയിച്ച പ്രകാരം ആയത് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും മുനിസിപ്പാലിറ്റിയിൽ ആരംഭിച്ചിട്ടില്ലാത്ത മരാമത്ത് പ്രവൃത്തിയുടെ രേഖകളും മറ്റും ഓഡിറ്റിനോ മറ്റ് പരിശോധനക്കോ ഹാജരാക്കേണ്ടതില്ലാത്തതിനാൽ റെക്കോർഡ് റൂമിലെ ഫയലുകൾ പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എസ്റ്റിമേറ്റ് അടങ്ങിയ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ രണ്ടാം എതിർകക്ഷി ഹർജിക്കാരനെ

അറിയിച്ചതായി കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഏപ്രിൽ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

RIGHT TO INFORMATION